(എഫ്) ഫയർ സ്റ്റേഷന് വേണ്ട കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന വ്യവസ്ഥയിലാണ് ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത സൗകര്യങ്ങൾ പൂർത്തിയാക്കി വകുപ്പിന് കൈമാറുന്ന മുറയ്ക്കാണ് ഭരണാനുമതിയ്ക്കുള്ള നിർദ്ദേശം കമാന്റന്റ് ജനറൽ സർക്കാരിലേക്ക് സമർപ്പിക്കുന്നത്. അപ്രകാരം ലഭിക്കുന്ന നിർദ്ദേശം സർക്കാർ പരിശോധിച്ച് ആവശ്യമായ ഭരണാനുമതി നൽകിവരുന്നു.

(ജി) ഉണ്ട്. പേരാവൂരും പൂവാറും സ്ഥലത്തിന്റെ അടിയന്തിര സ്വഭാവം കണക്കാക്കിയാണ് പ്രസ്തുത സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയത്.

(എച്ച്) ഉണ്ട്. 28-10-2003-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 2060/2003/ആഭ്യന്തരം പ്രകാരമാണ് മുൻഗണനാപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത സർക്കാർ ഉത്തരവിലെ തീയതി മുതൽ 3 വർഷത്തേക്കാണ് മുൻഗണനാപ്പട്ടികയുടെ സമയ പരിധി.

(ഐ) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കി നിശ്ചിത സമയത്തിനുള്ളിൽ വകുപ്പിന് കൈമാറുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും വിധേയമായി മാത്രമേ മുൻഗണനാ ലിസ്റ്റിലുള്ള എല്ലാ സ്ഥലങ്ങളിലും ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

ജയിൽ വകുപ്പിൽ വാർഡർ, ഹെഡ് വാർഡർ അനുപാതം

27 [829] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ വാർഡൻ, ഹെഡ് വാർഡൻ അനുപാതം 3:1 ആക്കുന്നതിന് മുൻപ് വാർഡൻ, ഹെഡ് വാർഡൻ തസ്തിക എത്രയായിരുന്നു എന്ന് അറിയിക്കുമോ; 3:1 അനുപാതം നടപ്പിലാക്കിയശേഷം വാർഡർ, ഹെഡ് വാർഡർ തസ്തിക എത്രയെന്ന് മേഖല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) മൂന്ന് മേഖലകളിലും 3:1 അനുപാതം നടപ്പിലാക്കിയശേഷം വാർഡർമാരുടെ എണ്ണത്തിൽ സർക്കാർ വെട്ടിക്കുറവ് വരുത്താതെ നിലവിൽ വാർഡർമാരുടെ എണ്ണം കുറവ് വന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ജയിൽ വകുപ്പിൽ വാർഡർമാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന വകുപ്പ് മേധാവിയുടെ നിർദ്ദേശത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജയിൽ വകുപ്പിൽ വാർഡർ, ഹെഡ് വാർഡർ തസ്തികകളുടെ അനുപാതം 3:1 ആക്കുന്നതിന് മുൻപ് 719 വാർഡർമാരും 178 ഹെഡ് വാർഡർമാരും ഉണ്ടായിരുന്നു. 3:1 അനുപാതം നടപ്പിലാക്കിയശേഷം ഒന്നാം മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

245 വാർഡർമാരും 81 ഹെഡ് വാർഡർമാരും മദ്ധ്യ മേഖലയിൽ 184 വാർഡർമാരും 61 ഹെഡ് വാർഡർമാരും ദക്ഷിണ മേഖലയിൽ 306 വാർഡർമാരും 101 ഹെഡ് വാർഡർമാരും ഉണ്ട്.

(ബി) 3:1 അനുപാതം അനുസരിച്ച് വാർഡർമാർക്ക് ഹെഡ് വാർഡർമാരായി പ്രൊമോഷൻ നൽകിയപ്പോൾ ഹെഡ് വാർഡർ തസ്തികകളുടെ എണ്ണം കൂടുകയുണ്ടായതുമൂലം വാർഡർ തസ്തികയുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതാണ്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

തടവുകാരുടെ ക്ഷേമത്തിനായി വകയിരുത്തിയിട്ടുള്ള തുക

28 [830] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തടവുകാരുടെ ക്ഷേമത്തിനായി ഈ സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തടവുകാരുടെ ഏതൊക്കെ ക്ഷേമ പ്രവർത്തനത്തിനാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളത്;

(സി) ഇതിനകം എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഇ) പ്രസ്തുത പദ്ധതിക്കുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ജി) ക്ഷേമ പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുപ്പത് ലക്ഷം രൂപ.

(ബി) തടവുകാരുടെ ആവശ്യത്തിന് പാചക പാത്രങ്ങളും അടുക്കള ഉപകരണങ്ങളും ആഹാരം കഴിക്കുന്നതിനും വെള്ളം കുടിക്കുന്നതിനും വേണ്ട പാത്രങ്ങളും വാങ്ങിക്കുന്നതിനും അവരുടെ വിനോദ പരിപാടികൾക്കും ഇൻഡോർ/ഔട്ട് ഡോർ ഗെയിംസിനും കൂടാതെ ജയിൽ ഉദ്യോഗസ്ഥർക്ക് റീ ഓറിയന്റേഷൻ കോഴ്സ്, സംസ്ഥാനതല കറക്ഷണൽ സെമിനാർ, ജയിലുകളിൽ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും ആണ് തുക വകയിരുത്തിയിട്ടുള്ളത്.

(സി—ജി) തടവുകാരുടെ ക്ഷേമ പദ്ധതിയ്ക്കായി സർക്കാരിൽ ലഭ്യമായ പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ആവശ്യംവേണ്ട കൂടുതൽ വിവരങ്ങൾ വീണ്ടും ലഭ്യമാക്കി നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തതനുസരിച്ച് 10-2—2006-ലെ സ.ഉ. (സാധാ.) നമ്പർ 370/2006/ആഭ്യന്തരം പ്രകാരം 12 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ക്ഷേമ പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly